സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന 4 നന്മ സ്റ്റോറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പഞ്ചായത്ത്	നന്മ സ്റ്റോറുകൾ
1	ചടയമംഗലം	2
2	കടയ്ക്കൽ	2
	ആകെ	4

(സി) കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിലുള്ള 16 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലുള്ള 4 നന്മ സ്റ്റോറുകളും ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്.

ത്രിവേണി സ്റ്റോറുകളിലെ ദിവസവേതന ജീവനക്കാർ

99 (3253) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിവേണി സ്റ്റോറുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത ജീവനക്കാരുടെ വേതന ഘടന തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(സി) ദിവസവേതന ജീവനക്കാർക്ക് ശമ്പളം മുടങ്ങിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളം മുടക്കം കൂടാതെ ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ത്രിവേണി സ്റ്റോറുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ 915 ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട്.

(ബി) ത്രിവേണി സ്റ്റോറുകളിൽ സെയിൽസ്മാൻ എന്ന തസ്തിക മാത്രമാണ് ദിവസവേതനാടിസ്ഥാനത്തിൽ ഉള്ളത്. ടി തസ്തികയിലുൾപ്പെട്ടവർക്ക് നൽകുന്ന ദിവസവേതനം 300 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില തിരുവേണി യൂണിറ്റുകളിൽ കണക്കുകൾ പൂർത്തീകരിച്ച് സമർപ്പിക്കാത്തതിനാൽ വേതനം നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. അതത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഫെഡറേഷൻ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

കാർഷിക വായ്പകൾക്കുള്ള പലിശ

100 (3254) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പകൾക്ക് പലിശയിളവ് നൽകുന്നതിന് നൽകിയിരുന്ന സഹായം നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാർഷിക വായ്പയുടെ പലിശയിൽ എത്ര ശതമാനം ഇളവാണ് കേന്ദ്ര സർക്കാർ നൽകിയിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ബാങ്കുകൾ കാർഷിക വായ്പയ്ക്ക് ഈടാക്കുന്ന പലിശ നിരക്ക് എത്രയാണ്;

(സി) കേന്ദ്ര സഹായം പിൻവലിച്ചാലും പലിശ രഹിത കാർഷിക വായ്പ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കാർഷിക വായ്പകൾക്ക് പലിശയിളവ് നൽകുന്നതിന് നൽകിയിരുന്ന പലിശ ഇളവ് പദ്ധതി 2015 ജൂലൈ മാസം 31 വരെയായി നിജപ്പെടുത്തിയിട്ടുണ്ട്. ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക കാലാവധിക്കുള്ളിൽ കുടിശ്ശിക ഇല്ലാതെ തവണ തീയതിയിലോ അതിന് മുൻപോ തിരിച്ചടയ്ക്കുന്നവർക്ക് പരമാവധി 3% പലിശ സബ്‌വെൻഷൻ നൽകിവരുന്നു.

(ബി) ബാങ്കുകൾ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശയാണ് ഈടാക്കുന്നത്.

(സി) നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ്‌വെൻഷൻ കഴിച്ച് ബാക്കി 4% പലിശ സബ്‌സിഡി സർക്കാർ അനുവദിച്ച് വരുന്നുണ്ട്. 5% പലിശ ഇളവ് അനുവദിക്കാൻ വ്യവസ്ഥയുള്ളതിനാൽ പലിശയിനത്തിൽ ബാക്കി 2% കൂടി അനുവദിക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. കൂടാതെ കേന്ദ്ര സഹായം തുടർന്നും നൽകണമെന്നഭ്യർത്ഥിച്ച് മുഖ്യമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly